കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 14 | നവംബർ 15 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ

2 കൃഷിയിടാധിഷ്ഠിത കൃഷിക്ക് പ്രാധാന്യം നൽകുക കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

5 ആദിവാസി വിഭാഗങ്ങൾക്ക് സൗജന്യ ആട്ടിൻകൂട് വിതരണം

6 തിരുവനന്തപുരം കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ ഉദ്ഘാടനം

# ഓയിൽപാം ഇന്ത്യ സംസ്ഥാന സർക്കാരിന് ലാഭവിഹിതം കൈമാറി



കൃഷിവകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓയിൽപാം ഇന്ത്യ ലിമിറ്റഡ് 2021 -22 വർഷത്തെ ലാഭവിഹിതമായി 33,97,350/- രൂപ സംസ്ഥാന സർക്കാരിന് കൈമാറി. ബഹു. കൃഷി മന്ത്രി ശ്രീ. പി പ്രസാദിന്റെ സാന്നിദ്ധ്യത്തിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ചെയർമാൻ ശ്രീ. വിദ്യാധരൻ, മാനേജിങ് ഡയറക്ടർ ജോൺ സെബാസ്റ്റിയൻ എന്നിവർ ചേർന്ന് ചെക്ക് മുഖ്യമന്ത്രിക്ക് കൈമാറി. കൃഷിവകുപ്പിന്റെ കീഴിൽ കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്.

കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ അംഗീകൃത മൂലധനം 12 കോടി രൂപയാണ്. ഇതിൽ നാളിതുവരെ ഇഷ്യൂ ചെയ്ത ഓഹരി മൂലധനം 11.79 കോടി രൂപയാണ്. ആകെ ഇഷ്യൂ ചെയ്ത 1,17,876 ഓഹരികളിൽ 67,947 ഓഹരി സംസ്ഥാന സർക്കാരിനും 49,929 ഓഹരി കേന്ദ്ര സർക്കാരിനും നൽകിയിട്ടുണ്ട്.

2015 -16 സാമ്പത്തിക വർഷം മുതൽ ചില പ്രതിസന്ധികൾ നേരിട്ടെങ്കിലും കമ്പനി 2021-22 സാമ്പത്തിക വർഷത്തിൽ എണ്ണക്കുരു ഉൽപ്പാദനത്തിൽ ഉണ്ടായ വർദ്ധനവ് മൂലവും തൊഴിലാളികളുടെ കാര്യക്ഷമത വർദ്ധിച്ചത് മൂലവും കമ്പനിക്ക് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ച വയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2021-22 വർഷത്തിലെ കമ്പനിയുടെ ആകെ വരുമാനം 64 കോടി രൂപയാണ്. ഇത് മുൻ വർഷത്തേക്കാൾ ഏകദേശം 68% കൂടുതൽ ആണ്. 2021-22 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ ലാഭം 5.85 കോടി രൂപയാണ്. ഈ ലാഭത്തിൽ നിന്ന് ഓഹരി ഉടമകൾക്കുള്ള വിഹിതമായി 1000/- രൂപയുടെ ഓഹരി ഒന്നിന് 50/- രൂപ വച്ച് നൽകുവാൻ 28.09.2022 -ൽ കൂടിയ കമ്പനിയുടെ വാർഷിക പൊതുയോഗം തീരുമാനിച്ചു. അതനുസരിച്ചാണ് സംസ്ഥാന സർക്കാരിന് ലാഭ വിഹിതമായി 33,97,350/-രൂപയും കേന്ദ്ര സർക്കാരിന്റെ വിഹിതമായി 24,96,450/- രൂപ കമ്പനി നൽകേണ്ടതുണ്ട്.

ചീഫ് എഡിറ്റർ - സൂരജ് എസ്.
എഡിറ്റർ - ഡോ. സരിതാ വിജയൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

# കൃഷിയിടാധിഷ്ഠിത കൃഷിക്ക് പ്രാധാന്യം നൽകുക കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കൃഷിയിടത്തിലെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി കർഷകർക്ക് വരുമാന വർദ്ധനവ് ഉറപ്പുവരുത്തുക എന്നതാണ് നാം ഇനി സ്വീകരിക്കേണ്ട മാർഗം. വിളാധിഷ്ഠിത കൃഷിയിൽ നിന്ന് കൃഷിയിടാധിഷ്ഠിത കൃഷിയിലേക്ക് നാം മാറണം. ഒരു പ്രദേശത്ത് അനുയോജ്യമായ വിവിധയിനം കൃഷി കർഷകന്റെ നഷ്ടസാധ്യത കുറയ്ക്കുകയും വരുമാന വർദ്ധനവ് ഉറപ്പുവരുത്തുകയും ചെയ്യും എന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ്. കുന്നമ്മൽ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ ചാത്തങ്കോട്ടുനടയിൽ 5 ഏക്കർ സ്ഥലത്ത് ആരംഭിക്കുന്ന കാർഷിക നേഴ്സറി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സാധ്യമായ ഇടങ്ങളിൽ എല്ലാം പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യാൻ പ്രത്യേക താല്പര്യം കാണിക്കണമെന്നും മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണ മേഖലയിൽ ഇടപെടണമെന്നും ഇത് കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ ഇ.കെ വിജയൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ മണ്ണുത്തി സ്പെഷ്യൽ ഓഫീസർ ഡോ. യു. ജയകുമാരൻ മുഖ്യാതിഥിയായി. സൊസൈറ്റിയുടെ സെക്രട്ടറി ശ്രീ. ബാബു പി.പിറിപ്പോർട്ട് അവതരിപ്പിച്ചു. സൊസൈറ്റിയുടെ പ്രസിഡന്റ് ബോബി മൂക്കൻതോട്ടം, കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ചന്ദ്രി, കാവിലുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജി. ജോർജ് മാസ്റ്റർ, കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ രമാദേവി, സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ പി.ഷിജു, ഹോർട്ടികൾച്ചർ മിഷൻ ഡെപ്യൂട്ടി ഡയറക്ടർ സ്വപ്ന, ചാത്തങ്കോട്ടുനട സോഫിയ ചർച്ച് വികാരി ഫാ.ജോർജ് കിഴക്കേമുറി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് അന്നമ്മ ജോർജ് ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.



# നാളികേര അധിഷ്ഠിത മൂല്യ വർദ്ധിത ഉൽപ്പന്നം നാളികേര കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കും : കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

കൃമൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വരുന്നതോടുകൂടി കേരകർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ സാധിക്കുമെന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ്.

തൂണേരി ഗ്രാമപഞ്ചായത്തിൽ വിജയകരമായി പൂർത്തിയാക്കിയ കേരഗ്രാമം പദ്ധതിയുടെ രണ്ടാം വർഷ പദ്ധതി പ്രഖ്യാപനം നടത്തി സംസാരിക്കുകയായിരുന്നു മന്ത്രി.

നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വര്ദ്ധിപ്പിച്ച് കേരകര്ഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാര്ഷിക



വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് കേരഗ്രാമം പദ്ധതി. വാർഡുതലത്തിൽ കർഷകരുടെ കൂട്ടായ്മകൾ രൂപീകരിക്കാനും ഇതിലൂടെ മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കാനും മന്ത്രി നിർദ്ദേശിച്ചു. ഉത്പന്നങ്ങൾ ഉണ്ടാക്കാനാവശ്യമായ പരിശീലനങ്ങൾക്കും മറ്റാവശ്യങ്ങൾക്കും സർക്കാരിന്റെ എല്ലാ സഹായങ്ങളും ഉണ്ടാകും. നാളീകേര സംഭരണ വിഷയത്തിൽ സർക്കാർ കർഷർക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

ചടങ്ങിൽ ശ്രീ. ഇ.കെ.വിജയൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. പി.ആർ രമാദേവി പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷാഹിന പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വനജ കെ.പി, തൂണേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. മധുമോഹൻ കെ, പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. റെജുല നിട്ടുമ്പ്രത്ത്, തൂണേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സുമറാണി പി, പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷാജി ആർ.എസ്, കേരസമിതി സെക്രട്ടറി ശ്രീ. കെ.ചന്ദ്രശേഖരൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ ഉടൻ പ്രവർത്തികമാകും : മന്ത്രി പി പ്രസാദ്

## 1400 കോടി രൂപ ലോക ബാങ്കിന്റെ ധനസഹായം

ലോക ബാങ്കിന്റെ സഹായത്തോടുകൂടി വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ (വാം) എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തതായി കൃഷി മന്ത്രി ശ്രീ. പി പ്രസാദ് അറിയിച്ചു.

ആന്നൂർ നഗരസഭ കൃഷിഭവൻ പറശ്ശിനിക്കടവ് കുടുംബാരോഗ്യ കേന്ദ്രത്തിൽ വച്ച് കൃഷിക്കൂട്ടം പച്ചക്കറി കൃഷിയുടെ ഉദ്ഘാടനവും മയ്യിൽ വേളം വായനശാലയ്ക്ക് സമീപം ആധുനിക റൈസ്മിൽ സ്വിച്ച് ഓൺ കർമ്മവും പുതിയ ഗോഡൗൺ ഉദ്ഘാടനവും നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്ന കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്.



കൃഷിവകുപ്പിനോടൊപ്പം തന്നെ മൃഗസംരക്ഷണം ക്ഷീരവികസനം തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി കാർഷിക ഉൽപാദനം കൂട്ടുന്നതോടൊപ്പം വിവിധങ്ങളായ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ രൂപീകരിക്കും. കൃഷിയിടത്തെ ആസ്പദമാക്കി പദ്ധതി രൂപീകരണം നടത്തും. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്ന നിലയിൽ 1100 ഉൽപ്പങ്ങൾ ആറുമാസത്തിനുള്ളിൽ ഉല്പാദിപ്പിച്ച് തുടങ്ങും. ഇവയുടെ സംഭരണം സംസ്കരണം വിപണനം എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷനും സ്വകാര്യ പൊതുമേഖല കർഷക പങ്കാളിത്തത്തോടെകേരള അഗ്രോ ബിസിനസ് എന്ന പുതിയ സംവിധാനവും നിലവിൽ വരും. ഇതിനായി ലോക ബാങ്കിന്റെ 1400 കോടി രൂപ ലഭ്യമാകും. ഇതോടുകൂടി കർഷകന്റെ ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുകയും വാം എന്ന സംവിധാനം വഴി വിപണികളിലേക്ക് എത്തിക്കുവാനും സാധിക്കും. ഇത് കൃഷിയിടത്തിൽ തന്നെ കൃഷിക്കാരന് വരുമാനം ഉറപ്പു നൽകുന്ന ഒരു പദ്ധതിയായി രൂപം കൊള്ളും.

ഒരു നാടിന്റെ ജനതയുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് സർക്കാർ എന്നും പ്രതിജ്ഞാബദ്ധമാണ്. വിഷരഹിത ഭക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കും. കീടനാശിനിയും അമിതമായ രാസവള പ്രയോഗവും ഇല്ലാതെ നല്ല രീതിയിൽ ശുദ്ധമായ പച്ചക്കറി നാം ഓരോരുത്തരും ഉത്പാദിപ്പിക്കാനും ആരോഗ്യവും കാർഷിക സംസ്കാരവും ഉള്ള ഒരു ജനതയെ വാർത്തെടുക്കുവാ$^{3}$ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഞങ്ങളും കൃഷിയിലേക്ക്. ഈ പദ്ധതി പ്രകാരം എല്ലാ കുടുംബാംഗങ്ങളെയും കൃഷിയിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നു.നല്ല ഭക്ഷണം കഴിക്കുന്നതിലൂടെ ഒരു പരിധിവരെ ജീവിതശൈലി രോഗങ്ങൾ നമുക്ക് അകറ്റി നിർത്താൻ സാധിക്കും ജൈവകൃഷി മിഷൻ അതിന്റെ പൂർണ്ണ നിലയിൽ ഉടൻ പ്രവർത്തനക്ഷമമാകും. കാർബൺ ന്യൂട്രൽ കൃഷിക്ക് പ്രാധാന്യം നൽകും.

ഞങ്ങളും കൃഷിയിലേക്ക്,ഒരു ലക്ഷം പുതിയ കൃഷിയിടങ്ങൾ എന്നിവ പ്രാവർത്തികമാക്കുന്നത് വഴി ജൈവകൃഷിരീതികളുടെയും ആരോഗ്യകരമായ ഭക്ഷണ സംസ്കാരത്തിന്റെയും, ഭക്ഷ്യ സ്വയം പര്യാപ്തതയുടെയും സന്ദേശമാണ് നമുക്ക് നൽകാൻ കഴിഞ്ഞത്. മന്ത്രി കൂട്ടിച്ചേർത്തു.

# കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപന പദ്ധതി ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡ് ശ്രീ. എം.പി. ശിവാനന്ദൻ നിർവഹിച്ചു

വിള അധിഷ്ഠിത കൃഷിയിൽ നിന്നും കൃഷിയിടാധിഷ്ഠിത കൃഷിയിലേക്ക് മാറുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം.പി ശിവാനന്ദൻ നിർവഹിച്ചു. പദ്ധതിയുടെ നടത്തിപ്പിന് മുന്നോടിയായി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപന പദ്ധതിയുടെ പരിശീലന പരിപാടി ജില്ലയിലെ കൃഷി ഉദ്യോഗസ്ഥർക്കായി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥാ ഘടകങ്ങൾ, വിലയിലെ ഏറ്റക്കുറച്ചിലുകൾ, മറ്റു സാമൂഹിക സാമ്പത്തിക ഘടകങ്ങൾ എന്നിവ മൂലം ഉണ്ടാകുന്ന നഷ്ടത്തിന്റെ അപകടസാധ്യതകൾ കുറയ്ക്കുകയും അനുയോജ്യമായ കാർഷിക ഇടപെടലുകളിലൂടെ കൃഷിയിടത്തിൽ ലഭ്യമായ വിഭവങ്ങൾ ശാസ്ത്രീയമായ രീതിയിൽ പരിപാലിച്ച്, കൃഷി, മൃഗ സംരക്ഷണം, പാലുൽപാദനം, മത്സ്യ കൃഷി, കോഴി വളർത്തൽ തുടങ്ങി എല്ലാ സാധ്യതകളെയും ഈ പദ്ധതി വഴി പ്രയോജനപ്പെടുത്തും. ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുകയും കർഷകന്റെ വരുമാനം ഇരട്ടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ആരംഭത്തിൽ ഒരു പഞ്ചായത്തിൽ നിന്ന് 10 പേരെ ഇതിനായി തിരഞ്ഞെടുക്കുകയും തുടർന്ന് കൂടുതൽ പേരെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും ചെയ്യും. ഓരോ പ്രദേശത്തെയും പ്രത്യേകം പ്രത്യേകം ഇക്കോളജിക്കൽ സോണുകളായി തിരിക്കുകയും ആ പ്രദേശത്തിന് അനുയോജ്യമായ കൃഷി രീതികൾ അവലംബിക്കുന്നതിന് ആവശ്യമായ പരിശീലനം കർഷകർക്ക് നൽകുകയും ചെയ്യും. ഉൽപാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം തന്നെ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുകയും ഉൽപ്പന്നത്തിന് മെച്ചപ്പെട്ട വിപണി കണ്ടെത്തുകയും ചെയ്യും. കൃഷി ഉദ്യോഗസ്ഥരും കൃഷി ശാസ്ത്രജ്ഞരും കർഷകരും ചേർന്ന് ഉണ്ടാക്കുന്ന ഫാം പ്ലാൻ അനുസരിച്ചായിരിക്കും ഓരോ പ്രദേശങ്ങളിലും കൃഷി ഇറക്കുക.

ഒരു കൃഷിഭവന്റെ കീഴിൽ വരുന്ന എല്ലാ കൃഷി കൂട്ടങ്ങളെയും സമഗ്രമായി സംയോജിപ്പിച്ച് കൊണ്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

പദ്ധതിയുടെ ഭാഗമായി നടത്തിയ പരിശീലന ക്ലാസുകളിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം എന്ന വിഷയത്തിൽ കട്ടിപ്പാറ കൃഷി ഓഫീസർ മനോജ് പി ആർ കോടഞ്ചേരി കൃഷി ഓഫീസർ രമ്യ രാജൻ എന്നിവരും മോഡൽ ഫാം പ്ലാൻ രൂപീകരണം എന്ന വിഷയത്തെക്കുറിച്ച് മൂടാടി കൃഷി ഓഫീസർ ശ്രീ. കെ.വി. നൗഷാദ്, നന്മണ്ട കൃഷി ഓഫീസർ ശ്രീ. ടി.കെ. നസീർ എന്നിവരും ക്ലാസുകൾ നയിച്ചു.

നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടിയിൽ കോഴിക്കോട് കോർപ്പറേഷൻ 61 വാർഡ് കൗൺസിലർ ശ്രീ. അബൂബക്കർ എസ് കെ അധ്യക്ഷത വഹിച്ചു. കോഴിക്കോട് ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. പി.ആർ. രമാദേവി പദ്ധതി വിശദീകരണം നടത്തി. കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സുധീർ കിഷൻ ബി കെ, ആത്മ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ശ്രീമതി. നിഷാ പി.ടി. എന്നിവർ ആശംസകൾ അറിയിച്ചു. ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. അനിത പി സ്വാഗതവും കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജോജി മറിയം ജോർജ് നന്ദി പറഞ്ഞു.



# ആദിവാസി വിഭാഗങ്ങൾക്ക് സൗജന്യ ആട്ടിൻകൂട് വിതരണം



കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ വയനാട്ടിലെ മേപ്പാടി പഞ്ചായത്തിലെ വെള്ളൻപ്പക്കണ്ടി ഊരിലെ ആദിവാസി വിഭാഗങ്ങൾക്കുള്ള നവീകരിച്ച ഏഴ് ആട്ടിൻക്കൂടുകൾ വിതരണം ചെയ്തു. സർവ്വകലാശാലയുടെ 'ഒപ്പം' ഉപജീവന സഹായ പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. ഗ്രാമത്തിലെ 11 കുടുംബത്തിൽപ്പെട്ട കർഷകർക്ക് സർവ്വകലാശാല നൽകിയ ആട്ടുകൾക്കുള്ള സൗജന്യ തീറ്റയും അവയുടെ വിശദമായ ആരോഗ്യ പരിശോധന ക്യാമ്പും ഇതോടൊപ്പം സംഘടിപ്പിക്കുകയുണ്ടായി. വയനാട് ജില്ലയിലെ 5 ആദിവാസി ഊരുകൾ ദത്തെടുത്ത് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റ ഭാഗമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്.

2022 വെള്ളപ്പൻകണ്ടി ഊരിൽ വെച്ച് നടത്തിയ ഈ പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം ബഹുമാനപ്പെട്ട MLA ശ്രീ. ടി. സിദ്ദീഖ് നിർവഹിച്ചു. ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് ഡോ.ടി.എസ്. രാജീവ് അദ്ധ്യക്ഷസ്ഥാനം വഹിച്ചു. ശ്രീ. മിനികുമാർ, മെമ്പർ വെള്ളപ്പൻകണ്ടി പഞ്ചായത്ത്, ശ്രീ. അബ്ദുൾ റഹിമാൻ, വൈസ് പ്രസിഡന്റ്, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്, ശ്രീ. കുറുക്കൻ മൂപ്പൻ എന്നിവർ ആശംസ അർപ്പിക്കുകയും ചെയ്തു. ഡോ. ജസ്റ്റിൻ ഡേവിസ്, അസിസ്റ്റന്റ് പ്രൊഫസർ സ്വാഗതവും, റിസർച്ച് അസിസ്റ്റന്റ് ശ്രീമതി. ജിപ്സ ജഗദീഷ് നന്ദിയും പ്രകാശിപ്പിച്ചു.

# ഓയിൽപാം ഇന്ത്യയുടെ ഹണി പ്രോസസ്സിംഗ് യൂണിറ്റ് കൃഷിമന്ത്രി ഉദ്ഘാടനം നിർവഹിച്ചു

## തേനീച്ച കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ പരിഗണനയിൽ

ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് അതിന്റെ വൈവിധ്യവൽക്കരണത്തിന്റെയും കൊല്ലം ഏരൂർ എസ്റ്റേറ്റിനു സമീപത്തുള്ള തേനീച്ച കർഷകരെ സഹായിക്കുന്നതിന്റെയും ഭാഗമായി എസ്റ്റേറ്റ് കോമ്പൗണ്ടിനുള്ളിൽ സ്ഥാപിച്ച ഹണി പ്രോസസിംഗ് യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് നിർവഹിച്ചു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. പ്രോസസിങ് യൂണിറ്റിന്റെ സ്വിച്ച് ഓൺ കർമ്മത്തിനു ശേഷം ഓയിൽ പാം കൺവെൻഷൻ സെന്ററിൽ എം എൽ എ ശ്രീ. പി.എസ്. സുപാലിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം മന്ത്രി അഭിസംബോ



ധന ചെയ്തു സംസാരിക്കുകയും ചെയ്തു.

തേനീച്ച കർഷകരെ സംസ്ഥാന വിള ഇൻഷുറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്ന് മന്ത്രി പറഞ്ഞു. തേനീച്ച കർഷകരെ സഹായിക്കുന്നതിനും മറ്റ പല പദ്ധതികളും സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിക്കുന്നുണ്ട്. നമ്മുടെ ഭക്ഷണക്രമത്തിൽ തേൻ വിഭവങ്ങൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്നും ജീവിതശൈലി രോഗങ്ങൾക്കു ഇത് ഒരു പരിധിവരെ നിയന്ത്രണ മാർഗ്ഗമായിരിക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.



ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സാം കെ ഡാനിയേൽ, കശുവണ്ടി വികസന കോർപറേഷൻ ചെയർമാൻ ശ്രീ. എസ് ജയമോഹൻ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. രാധ രാജേന്ദ്രൻ, ഏരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ടി അജയൻ, വൈസ് പ്രസിഡൻറ് ശ്രീമതി.ചിന്നു വിനോദ്, ശ്രീ. സി അജയപ്രസാദ്, ശ്രീ. ജോർജ് മാത്യു, ശ്രീ. കെഎസ് രാജൻ, തുടങ്ങിയ ഓയിൽപാം ഡയറക്ടർ ബോർഡ് അംഗങ്ങൾ, ഭാരതീപുരം ശശി, എസ് സന്തോഷ്, ജി ദിനേഷ് കുമാർ, ബെന്നി കക്കാട്, തുടങ്ങിയ ട്രേഡ്യൂണിയൻ നേതാക്കന്മാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ഓയിൽപാം ചെയർമാൻ എം വി വിദ്യാധരൻ സ്വാഗതവും, മാനേജിങ് ഡയറക്ടർ ജോൺ സെബാസ്റ്റിയൻ റിപ്പോർട്ടും, എസ്റ്റേറ്റ് സീനിയർ മാനേജർ ശ്രീ. ജെയിംസ് പി തോമസ് നന്ദിയും രേഖപ്പെടുത്തി.

ഏരൂരിലും പരിസരപഞ്ചായത്തുകളിലും തേൻ കൃഷി ഇപ്പോൾ വ്യാപകമായി നടന്നു വരികയാണ്. ഇതിനു പിന്നിൽ 'മധുബനി' എന്ന കർഷക കൂട്ടായ്മയും പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം 50 ടണ്ണോളം തേൻ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. തമിഴ്നാട് അടക്കമുള്ള സ്ഥലങ്ങളിലെ വ്യാപാരികളാണ് ഈ അസംസ്കൃത തേൻ വാങ്ങുന്നതെങ്കിലും കർഷകർക്ക് മതിയായ വില ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ സ്വന്തമായി തേൻ സംസ്കരിക്കുന്നതിനോ വിപണനം ചെയ്യുന്നതിനോ സാഹചര്യം നിലവിലുണ്ടായിരുന്നില്ല. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായാണ് സംസ്ഥാന ഹോർട്ടി കൾച്ചർ മിഷന്റെ 17.25 ലക്ഷം രൂപ സാമ്പത്തിക സഹായത്തോടെ ഓയിൽപാം ഇന്ത്യ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു ഹണി പ്രോസസിങ് യൂണിറ്റ് സ്ഥാപിതമായിരിക്കുന്നത്. ഏകദേശം നൂറോളം കർഷകരാണ് ഇതിന്റെ ഗുണഭോക്താക്കളായി മധുബനി തേനീച്ച കർഷക യൂണിറ്റിൽ പ്രവർത്തിക്കുന്നത്.

# തിരുവനന്തപുരം കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ ഉദ്ഘാടനം

മൃഗസംരക്ഷണ വകുപ്പിന്റെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽ 2021 -22ൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും എംപി എൽഎഡി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വെറ്ററിനറി ആംബുലൻസിന്റെ ഫ്ലാഗ് ഓഫ് ഉം ബഹു മൃഗസംരക്ഷണം- ക്ഷീരവികസനം- മൃഗശാല വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി അവർകൾ 23.11. 2022 ന് രാവിലെ 10.30 മണിക്ക് നിർവഹിച്ചു. മൃഗങ്ങൾക്കും ഉടമസ്ഥർക്കും വിശ്രമിക്കുവാനുള്ള വിസിറ്റേഴ്സ് ലോഞ്ച്, ഫാർമസി ബില്ലിംഗ് റൂം, ഡയാലിസിസ് വിഭാഗം, നിയോനേറ്റൽ ഇൻകുബേറ്റർ ഓട്ടോക്ലേവ് ചെയ്യാവുന്ന ഓർത്തോപീഡിക് ഡ്രിൽ



സെറ്റ്, വെന്റിലേറ്ററോടുകൂടിയ മെഡിക്കൽ ഗ്യാസ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് ലൈൻ സിസ്റ്റം വലിയ മൃഗങ്ങൾക്കായി നവീകരിച്ച വിഭാഗം, ഓട്ടോമേറ്റിക് സിറം അനലൈസർ, യൂറിൻ അനലൈസർ എന്നിവ ഉൾപ്പെടുന്നു. ബഹു വട്ടിയൂർക്കാവ് എംഎൽഎ

അഡ്വ. വി.കെ പ്രശാന്ത് അവർകൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശ്രീ. കൗശിഗൻ ഐഎഎസ് സ്വാഗതം ആശംസിച്ചു. മൃഗസംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടർമാരായ ഡോ. ജിജിമോൻ ജോസഫ്, ഡോ. എസ് നാഗരാജ് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബീന ബീവി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ പ്രമുഖരും മറ്റ് സാമൂഹിക രാഷ്ട്രീയ നേതാക്കളും ആശംസകൾ അർപ്പിച്ചു. പ്രസ്തുത യോഗത്തിന് കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ജേക്കബ് കെ. എം കൃതജ്ഞത രേഖപ്പെടുത്തി തുടർന്ന് ജന്തു ജന്യ രോഗങ്ങളെക്കുറിച്ച് നടന്ന കർഷക സെമിനാറിൽ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിലെ അസിസ്റ്റന്റ് റിസർച്ച് ഓഫീസർ ഡോ.നന്ദകുമാർ എസ് മൈക്രോബയോളജിസ്റ്റ് ശ്രീമതി. അപർണ എസ് എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

# വിളയിടാസൂത്രണത്തിലൂടെ സുസ്ഥിര കാർഷിക വികസനം സാധ്യമാകും

## റവന്യു മന്ത്രി ശ്രീ. കെ. രാജൻ കൃഷി ദർശൻ കാർഷിക പ്രദർശനം ഉദ്ഘാടനം ചെയ്തു



കൃഷി വകുപ്പ് മന്ത്രി നയിക്കുന്ന, കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം കൃഷി ദർശൻ പരിപാടി ഒല്ലൂക്കര ബ്ലോക്കിൽ ആരംഭിച്ചു. ഇതിനോടനുബന്ധിച്ച് നടത്തുന്ന കാർഷിക പ്രദർശനം വെറ്ററിനറി കോളേജ് ഗ്രൗണ്ടിൽ റവന്യ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ ഉദ്ഘാടനം ചെയ്തു .

വിളകളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണത്തിനു പകരം വിളയിടാസൂത്രണത്തിലൂടെ സുസ്ഥിര കാർഷിക വികസനം സാധ്യമാകുമെന്ന് മന്ത്രി പറഞ്ഞു .വിളയിടത്തിലെ മണ്ണുപരിശോധന മുതൽ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുള്ള ഫാം പ്ലാനിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുമെന്ന് മന്ത്രി പറഞ്ഞു. 29 വരെ നടക്കുന്ന കൃഷിദർശൻ പരിപാടിയിൽ കാർഷിക പ്രദർശനം കൂടാതെ കൃഷിയിട സന്ദർശനം, കൃഷിക്കൂട്ട സംഗമം, കാർഷിക അദാലത്ത്, കർഷകഗൃഹസന്ദർശനം തുടങ്ങി വിവിധങ്ങളായ പരിപാടികളാണ് നടക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയും അതിന്റെ ഭാഗമായുള്ള കൃഷിക്കൂട്ടങ്ങളുടെ രൂപീകരണവും കേരളീയർ ഏറ്റെടുത്തിരിക്കുകയാണ്. നമ്മുടെയും അടുത്ത തലമുറയുടെയും ആരോഗ്യം ലക്ഷ്യമാക്കി, ഈ പ്രവർത്തനത്തിലേക്ക് കുടുംബങ്ങൾ ഒന്നാകെ ഇറങ്ങിത്തിരിച്ചത് സാക്ഷരതാ മിഷൻ പ്രവർത്തനത്തിനും ജനകീയാസൂത്രണത്തിനും, കുടുംബശ്രീ മിഷനു ശേഷം കേരളം കണ്ട ഏറ്റവും വലിയ ജനകീയ മുന്നേറ്റമാണ്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷിയിലേക്ക് ഇറങ്ങിയ പ്രവാസികളടക്കം പല കുടുംബങ്ങളും അവരുടെ സ്വന്തം ആവശ്യത്തേക്കാൾ കൂടുതൽ കാർഷിക വിഭവങ്ങൾ ഉത്പാദിപ്പിച്ചത് വരുമാന വർദ്ധനവിന് കാരണമാവുകയും കൂടുതൽ കാർഷിക പ്രവർത്തനങ്ങളിലേക്ക് ഇറങ്ങുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. 10000 കൃഷിക്കൂട്ടങ്ങൾ ലക്ഷ്യമിട്ട സ്ഥാനത്ത് 25836 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചത് അതിനാലാണ്. ഇത് കാർഷിക മേഖലയിലെ




ഉണർവിന്റെ സൂചനയാണ്. നിലവിലുള്ള കർഷകരോടൊപ്പം കൃഷിക്കൂട്ടങ്ങളെ ശാക്തീകരിക്കുവാനും അവരെ ഉൽപ്പാദന മേഖലയിലും വിപണന മേഖലയിലും മൂല്യ വർദ്ധന മേഖലയിലും നിലനിർത്തി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്കാണ് കൃഷി വകുപ്പ് രൂപം നൽകുന്നത്. ഇതിനുള്ള സാങ്കേതിക ഉപദേശങ്ങൾ നൽകുവാനും കർഷകരെ സ്വയം പര്യാപ്തരാക്കി മാറ്റുന്നതിനും കൃഷി ഉദ്യോഗസ്ഥർ സേവനം പൂർണമായും കൃഷിയിടത്തിൽ ലഭ്യമാക്കേണ്ടതുണ്ട്. നൂതന സാങ്കേതികവിദ്യകളും വിവര സാങ്കേതികവിദ്യയും ഫലപ്രദമായി ഉപയോഗപ്പെടുത്തി, മൂല്യവർദ്ധനവിനുള്ള സാധ്യതകൾ യഥാസമയം ഉപയോഗപ്പെടുത്തിയാൽ കൃഷിയിടത്തിലുണ്ടാകുന്ന പ്രശ്നങ്ങളും കാലാവസ്ഥ വ്യതിയാനവും അതിജീവിച്ച് കാർഷികമേഖലയ്ക്ക് മുന്നോട്ടുപോകാൻ സാധ്യമാവുകയും ഇത് പ്രാദേശിക സാമ്പത്തിക വികസനത്തിന് ഇടയാക്കുകയും ചെയ്യും.

67 സ്റ്റാളുകളിലായി സർക്കാർ -അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ,സ്വകാര്യ സംരംഭകരുടെയും ബനാന - ഹണി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും വിപുലമായ ശേഖരം ഒരുക്കിയിട്ടുണ്ട്. കാർഷിക സർവ്വകലാശാല 10 സ്റ്റാളുകളിലായി കൃഷിയുടെയും, നൂതന സാങ്കേതിക വിദ്യകളും മൂല്യവർദ്ധനവിന്റെ സാധ്യതകളും പരിചയപ്പെടുത്തുന്നു. ഭക്ഷ്യ സംസ്കരണത്തിനുള്ള ആധുനിക യന്ത്രോപകരണങ്ങളും കാർഷികയന്ത്രങ്ങളുടെ വിപുലമായ ശേഖരങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നു.

അതിരപ്പിള്ളി ട്രൈബൽ വാലി പ്രൊജക്ട് ഒരുക്കിയ സ്റ്റാളിൽ തേൻ കാപ്പി വിവിധ വനവിഭവങ്ങൾ ,അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസ്സോസിയേഷൻ ഒരുക്കിയ സ്റ്റാളിൽ റാഗി ചാമയരി ,വരക്, തിന, കുതിരവാലി ,മണി ചോളം ,കമ്പ് ,ചിയ തുടങ്ങിയവ സന്ദർശകർക്ക് വേറിട്ട അനുഭവം നൽകുന്നു.സംസ്ഥാന ബയോകട്രോൾ ലബോറട്ടറിയുടെ വിവിധ ജീവാണുവളങ്ങളും, ജൈവ നിയന്ത്രണ ഉപാധികളും 100 ഗ്രാം, 250 ഗ്രാം പാക്കറ്റുകളിൽ ലഭ്യമാണ്. എവർഗ്രീൻ പഴയന്നൂരിന്റെ മുള കൊണ്ടുള്ള വൈവിധ്യമാർന്ന കരകൗശല വസ്തുക്കൾ, രാമച്ചം കൊണ്ടുള്ള വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയും പ്രദർശനത്തിനുണ്ട്. കൂടാതെ തവിട്ടു കൊണ്ടു നിർമ്മിച്ച ഭക്ഷ്യയോഗ്യമായ പാത്രങ്ങളും, അരിപ്പൊടി കൊണ്ടു നിർമ്മിച്ച സ്ട്രോകളും പുതുമയേറിയ കാഴ്ചകളാണ്. ESAF ന്റെ സഹകരണത്തോടു കൂടി വനിത സംരംഭകർ ഉൽപാദിപ്പിച്ച തേനിൽ നിന്നുള്ള സൗന്ദര്യ വർദ്ധക വസ്തുക്കൾ, ഉരുക്കു വെളിച്ചെണ്ണ, വിവിധ തരം അച്ചാറുകൾ എന്നിവയും വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയുടെ 'ജൈവ്' എന്ന പേരിലുള്ള പല രുചിഭേദങ്ങളിലുള്ള ശീതള പാനീയങ്ങളും, കർഷകർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനു സഹായിക്കുന്നതിനായി കർഷക ക്ഷേമ നിധി ബോർഡിന്റെ സ്റ്റാളുകളും പ്രദർശനത്തിനുണ്ട് .കാർഷിക പ്രദർശനം രാവിലെ 9 മുതൽ രാത്രി 10 വരെയുണ്ടായിരിക്കും. പ്രവേശനം സൗജന്യമാണ്.

യോഗത്തിൽ ആരാധ്യനായ മേയർ ശ്രീ. എം.കെ വർഗ്ഗീസ്സ് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ എംഎൽഎ. ശ്രീ. പി.ബാലചന്ദ്രൻ മുഖ്യാതിഥിയായിരുന്നു - ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീ. കെ.ആർ. രവി സ്വാഗതം പറഞ്ഞു. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് ശ്രീ. പി.പി. രവീന്ദ്രൻ മാസ്റ്റർ, മാടക്കത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ ഇന്ദിര മോഹൻ, നടത്തറ പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീമതി. ശ്രീവിദ്യ രാജേഷ്, പ്രൈസസ് ബോർഡ് ചെയർമാൻ ഡോ. പി.രാജശേഖരൻ, കൃഷി അഡീഷണൽ ഡയറക്ടർമാർ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സി.ഇ ഒ ഡോ.യു.ജയകുമാരൻ കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ജെയ്ക്കബ്ബ് ജോൺ, കോർപ്പറേഷൻ കൗൺസിലർ ശ്രീമതി. രേഷ്മ ഹെമേജ്, ശാസ്ത്ര സാഹിത്യകാരൻ ശ്രീ. സി.ആർ. ദാസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. കെ.കെ സീനിയ, കൃഷി അസി.ഡയറകടർ ശ്രീ. സത്യവർമ്മ പി.സി. എന്നിവർ പങ്കെടുത്തു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Saritha Vijayan., Design & Layout : Maya Santhosh